പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **5917** **07. 07. 2014** - ലെ മറുപടി

ഇറാഖിൽ കുടുങ്ങിയ മലയാളി നഴ്സമാരെ സുരക്ഷിതമായി നാട്ടിലെത്തിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ഇറാഖിൽ കുടുങ്ങിയ മലയാളികളായ നഴ്സമാരെ സുരക്ഷിതമായി നാട്ടിൽ എത്തിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) വിദേശ രാജ്യങ്ങളിൽ ഉണ്ടാകുന്ന പ്രശ്നങ്ങളിൽ സംസ്ഥാന സർക്കാരിന് നേരിട്ട് ഇടപെടുന്നതിന് പരിമിതികളുണ്ട്. ബന്ധപ്പെട്ട രാജ്യത്തെ ഇന്ത്യൻ നയതന്ത്ര കാര്യാലയവും കേന്ദ്ര വിദേശകാര്യമന്ത്രാലയവുമായി ബന്ധപ്പെട്ട് നടപടികൾ കൈക്കൊള്ളുകയാണ് സംസ്ഥാന സർക്കാരിന്റെ മുന്നിലുള്ള മാർഗ്ഗം. ഇറാഖിൽ ആഭ്യന്തര യുദ്ധം രൂക്ഷമായ സാഹചര്യത്തിൽ അവിടെയകപ്പെട്ട കേരളീയരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും അവരെ അടിയന്തിരമായി നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം ആദ്യം മുതൽ തന്നെ ബഹു. മുഖ്യമന്ത്രി കത്ത് മുഖേനയും ടെലിഫോണിലൂടെയും ബഹു. പ്രധാനമന്ത്രിയുടെയും ബഹു. വിദേശകാര്യമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ബാഗ്ദാദിലെ ഇന്ത്യൻ എംബസിയുമായി ബന്ധപ്പെട്ട് നോർക്ക വകുപ്പ് സ്ഥിതിഗതികൾ വിലയിരുത്തുകയും തുടർ നടപടി എന്ന നിലയിൽ 24 മണിക്കൂറും സജീവമായ ഹെൽപ് ലൈൻ സംവിധാനം നോർക്ക - റൂട്ട്സിൽ ഏർപ്പെടുത്തുകയും ചെയ്തു. ഇറാഖിലെ വിവിധ മേഖലകളിൽ കുടുങ്ങിക്കിടക്കുന്ന മലയാളികൾ ഉൾപ്പെടെയുള്ള ഇന്ത്യക്കാരെ അടിയന്തിരമായി തിരികെയെത്തിക്കുന്നതിനും അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ഇവരിൽ ആവശ്യമായ യാത്രാരേഖയില്ലാത്തവരുടെ രേഖകൾ അടിയന്തിരമായി ശരിയാക്കുന്നതിനും അവർക്ക് രാജ്യം വിടുന്നതിനുള്ള അനുമതി ഉൾപ്പെടെ ലഭ്യമാക്കി ആവശ്യമെങ്കിൽ പ്രത്യേക വിമാനം ഏർപ്പാട് ചെയ്ത് അവരെ നാട്ടിലെത്തിക്കുന്നതിനും അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി. ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിതല സംഘം |

| | |
|---|---|
| | ഡൽഹിയിൽ വിദേശകാര്യ മന്ത്രിയുമായും മറ്റ് ബന്ധപ്പെട്ടവരുമായും നിരന്തരമായി നടത്തിയ ചർച്ചകളുടെയും ഇടപെടലുകളുടെയും ഫലമായി 45 മലയാളി നഴ്സുമാരെ പ്രത്യേക വിമാനത്തിൽ ജൂലൈ 5- ന് നാട്ടിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെയും ഇറാഖിലെ ഇന്ത്യൻ എംബസിയുടെയും നിരന്തരമായ പരിശ്രമവും നയതന്ത്രതലത്തിലും അല്ലാതെയും നടത്തിയ ഇടപെടലുകളിലൂടെയാണ് ഇവരെ സുരക്ഷിതമായി നാട്ടിൽ എത്തിക്കാൻ കഴിഞ്ഞത്. |
| (ബി) ഇറാഖിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെ എത്തുന്നവരെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ബി) ഈ കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ